(ബി) നിലവിലുള്ള തിരുവിതാംകൂർ—കൊച്ചി മെഡിക്കൽ കൗൺസിൽ ആക്ട് മാറ്റാൻ ഉദ്ദേശ്യമുണ്ടോ;

(സി) ഈ ആക്ടിന്റെ ആരോഗ്യപരിപാലനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഫലപ്രദമല്ല എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ കരട് ബിൽ നിയമവകുപ്പ് തയ്യാറാക്കി വരികയാണ്.

(ബി) നിലവിലുള്ള തിരുവിതാംകൂർ—കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിന് പകരം സംസ്ഥാനത്തിനൊട്ടാകെ ബാധകമാകുന്ന ഒരു ഏകീകൃത മെഡിക്കൽ നിയമം നിർമ്മിക്കാനാണ് ഉദ്ദേശ്യം.

(സി) ഇല്ല. ബന്ധപ്പെട്ട കേന്ദ്രനിയമങ്ങൾ സംസ്ഥാനത്തിനൊട്ടാകെ ബാധകമാകയാൽ ആരോഗ്യപരിപാലനത്തിന് ബുദ്ധിമുട്ടൊന്നും ഉണ്ടാകാറില്ല.

ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ട്

*481 [512] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:
,, ജോസ് കുറ്റ്യാനി:
,, പന്തളം സുധാകരൻ:
,, കെ. രാഘവൻ മാസ്റ്റർ:
,, എം. എം. ഹസ്സൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ടിന്റെ പ്രവർത്തനം നടക്കുന്നത് ഏതെല്ലാം ജില്ലകളിലാണ്;

(ബി) തിരഞ്ഞെടുക്കപ്പെട്ട ഓരോ ജില്ലയിലും എന്തെല്ലാം പരിപാടികളാണ് നടപ്പാക്കി വരുന്നത്;

(സി) പരിപാടികൾ നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുന്നു എന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പരിപാടികൾ ത്വരിതഗതിയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി ജില്ലകളിൽ.

(ബി) ആരോഗ്യ സേവന സൗകര്യങ്ങളുടെ രംഗത്ത് പിന്നോക്ക നിലയിലുള്ള ഈ നാലു ജില്ലകളിൽ പ്രസ്തുത സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്ത് ജനനനിരക്ക്, മരണനിരക്ക്, ശിശുമരണനിരക്ക് എന്നിവ കുറയ്ക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സബ്സെന്ററുകൾ, സബ്സിഡിയറി ഹെൽത്ത് സെന്ററുകൾ മുതലായവ നിർമ്മിച്ച് സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ജനങ്ങളെ കുടുംബാസൂത്രണ പരിപാടികളുടെ ആവശ്യത്തെയും ലക്ഷ്യത്തെയും പറ്റി കൂടുതൽ ബോധവാൻമാരാക്കുകയും പരിപാടി

LIBRARY ARCHIVES Kerala Legislative Assembly

കളിലൂടെ ലഭ്യമാകുന്ന സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ പ്രചോദനം നൽകുകയും ചെയ്യുക, കൂടുതൽ ഗവേഷണങ്ങൾവഴി പദ്ധതി പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുക തുടങ്ങിയ പരിപാടികളാണ് നടപ്പാക്കിവരുന്നത്.

(സി) പരിപാടികൾ നടപ്പിലാക്കുന്നതിൽ കാലതാമസമില്ല.

(ഡി) പരിപാടികൾ ത്വരിതഗതിയിൽതന്നെയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

അന്വേഷണ കമ്മീഷനുകൾ

*482 [513] ശ്രീ. വി. ജെ. തങ്കപ്പൻ:
,, വർക്കല രാധാകൃഷ്ണൻ:
,, എം. ജിനദേവൻ:
,, ടി. കെ. ഹംസ:

താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം കമ്മീഷനുകളുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്;

(സി) അന്വേഷണ കമ്മീഷൻ കുറ്റക്കാരെന്നു കണ്ടവരുടെ പേരിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഏതെല്ലാം അന്വേഷണ കമ്മീഷനുകളുടെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ആഭ്യന്തര വകുപ്പിൽ—17. വിജിലൻസ് വകുപ്പിൽ—2. മറ്റു വകുപ്പുകളിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ആഭ്യന്തര വകുപ്പിൽനിന്നും വിജിലൻസ് വകുപ്പിൽനിന്നും നിയമിച്ചവയിൽ താഴെപറയുന്ന റിപ്പോർട്ടുകൾ ലഭിച്ചു.

1. കക്കി തടി ഇടപാട് സംബന്ധിച്ച് ക്രമക്കേടുകൾ (ജ. ജോർജ്ജ് വടക്കേൽ കമ്മീഷൻ)
2. 3-9-1982-ലെ വിഴിഞ്ഞം പോലീസ് വെടിവെപ്പ് (ജ. കനകദാസ് കമ്മീഷൻ)
3. 11-12-1982-ലെ വലിയതുറ പോലീസ് വെടിവെപ്പ് (ജ. വാസുദേവൻ കമ്മീഷൻ)
4. 28/29-12-1982-ലെ ആലപ്പുഴ വെടിവെപ്പ് (കുഞ്ഞുവറീത് കമ്മീഷൻ)
5. 10/11-5-1983-ലെ പേരൂർക്കട ലോക്കപ്പ് മരണം (പുരുഷോത്തമൻ കമ്മീഷൻ)

LIBRARY ARCHIVES Kerala Legislative Assembly